## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 356 — 14.07.2015-ൽ മറുപടിയ്ക്ക്

# കെ. എസ്. ഇ. ബി. യുടെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. സി. എഫ്. തോമസ് :<br>ശ്രീ. റ്റി. യു. കുരുവിള : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി. യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) 1. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ. എ. പി. ഡി. ആർ. പി യുടെ പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള ഐ. ടി ഇംപ്ളിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച് നെറ്റ്വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെ ച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി. ഐ. എസ്. അടിസ്ഥാനപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.<br>2. മാനവശേഷി വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം മുഖേന നടപ്പിലാക്കി.<br>3. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.<br>4. മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി.<br>5. ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും ഉള്ള സേവനം, ആർ. എ. പി. ഡി. ആർ. പി പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകി വരുന്നു. 1912 അഥവാ 0471 2555544 എന്ന ടെലഫോൺ നമ്പർ വഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും.<br>6. ഇ-ടെണ്ടർ സംവിധാനം മുഖേന 25 ലക്ഷം വരെയുള്ള ടെണ്ടർ നടപടികൾ കമ്പ്യൂട്ടർവൽക്കരിച്ചു.<br>7. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനു വേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി വരുന്നു. തുടക്കമെന്ന നിലയിൽ ചീഫ് എഞ്ചിനീയർ ട്രാൻ |

സ്മിഷൻ (നോർത്ത്), കോഴിക്കോട് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി.
കെ. എസ്. ഇ. ബി ലിമിറ്റഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ജീവനക്കാരെ ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് കഴിയും വേഗത്തിലും ഉചിതമായ രീതിയിലും നിയമിക്കുന്നുണ്ട്.

(ബി) കെ. എസ്. ഇ.ബി. യുടെ പ്രവർത്തന മേഖലകൾ വിപുലമായ പ്രദേശങ്ങളിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസതൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി. മീ അഥവാ 20000 ഉപഭോക്താക്കൾ /100 ചതുരശ്ര കി. മീ), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്ത് ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിയ്ക്കുന്നുണ്ട്.

(സി) കെ. എസ്. ഇ. ബി. യിലെ മസ്ദൂർ, ലൈൻമാൻ, ഓവർസിയർ തസ്തികകളിൽ യഥാസമയം പ്രൊമോഷൻ നടത്തി നിയമനം ത്വരിതപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ മസ്ദൂർ തസ്തികയിലും, ലൈൻമാൻ തസ്തികയിലും ഒഴിവില്ല. ഓവർസിയർ തസ്തികയിൽ ഉള്ള 158 ഒഴിവുകൾ ലൈൻമാൻ തസ്തികയിൽ നിന്നും പ്രെമോഷൻ നൽകി നികത്തുന്നതിനും, ഇപ്രകാരം ഉണ്ടാവുന്ന ലൈൻമാൻ ഒഴിവിലേക്ക് മസ്ദൂർ തസ്തികയിൽ നിന്നും പ്രമോഷൻ നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ.**